"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഗവൺമെന്റ് സെക്രട്ടേറിയറ്റ് - നിയമവകുപ്പ് - കേരള ഹൈക്കോടതിയിലെ സീനിയർ ഗ്രേഡ് അസിസ്റ്റന്റ് ശ്രീ. ദിലീപ് കെ. എം.- ന്റെ കൊയിലാണ്ടി താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റിയിലെ സെക്രട്ടറി തസ്തികയിലെ അന്യത്രസേവന കാലാവധി (മൂന്നാം വർഷം) ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നിയമ (എച്ച്) വകുപ്പ്

സ.ഉ.(സാധാ) നം.858/2026/LAW തീയതി,തിരുവനന്തപുരം, 31-07-2026

---

പരാമർശം:-
1. സ.ഉ.(അ) നം 515/2013/ധന., തീയതി 11/10/2013.
2. സ.ഉ.(അ) നം 580/2013/ധന., തീയതി 28/11/2013.
3. സ.ഉ.(സാധാ) നം 789/2025/നിയമം തീയതി 05.07.2025

   കേരള സംസ്ഥാന നിയമ സേവന അതോറിറ്റി മെമ്പർ
4. സെക്രട്ടറിയുടെ 27.06.2026-ാം തീയതിയിലെ 4399/D/26/കെൽസ നമ്പർ കത്ത്.

**ഉത്തരവ്**

കേരള ഹൈക്കോടതിയിലെ സീനിയർ ഗ്രേഡ് അസിസ്റ്റന്റ് ശ്രീ. ദിലീപ് കെ. എം., കൊയിലാണ്ടി താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റിയിലെ സെക്രട്ടറി തസ്തികയിൽ പരാമർശം (3) പ്രകാരം അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്ത് വരികയാണ്.

ശ്രീ. ദിലീപ് കെ എം-ന്റെ മേൽതസ്തികയിലെ അന്യത്രസേവനം 19.07.2026-ാം തീയതിയിൽ അവസാനിക്കുകയാണെന്നും, ടിയാന്റെ അന്യത്രസേവനം 20.7.2026-ാം തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി (മൂന്നാം വർഷം) ദീർഘിപ്പിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം (4) പ്രകാരം കേരള സംസ്ഥാന നിയമസേവന അതോറിറ്റി മെമ്പർ സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1),(2) സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി, കേരള ഹൈക്കോടതിയിലെ സീനിയർ ഗ്രേഡ് അസിസ്റ്റന്റ് ശ്രീ. ദിലീപ് കെ. എം.-ന്റെ കൊയിലാണ്ടി താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റിയിലെ സെക്രട്ടറി തസ്തികയിലെ അന്യത്രസേവനം കേരള സർവ്വീസ് ചട്ടങ്ങളുടെ ഭാഗം- 1 ചട്ടം 140 (സി) -യിലെ വ്യവസ്ഥകൾ പാലിക്കണമെന്ന നിബന്ധനയോടുകൂടി, പൊതുവായ

നിബന്ധനകൾക്കും ഉപാധികൾക്കും അനുസൃതമായി, **20.07.2026**-ാം തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി (മൂന്നാം വർഷം) ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കൃഷ്ണകുമാർ വി ആർ
ജോയിന്റ് സെക്രട്ടറി

**പകർപ്പ് -**

1.മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി, നിയമസഹായ ഭവൻ, ഹൈക്കോടതി കാമ്പസ്, കൊച്ചി – **682 031.**

2.രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം.

3.ശ്രീ. ദിലീപ് കെ എം., സെക്രട്ടറി, കൊയിലാണ്ടി താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റി (കെൽസ മെമ്പർ സെക്രട്ടറി മുഖേന).

4.അക്കൗണ്ടന്റ് ജനറൽ (A&E), കേരള, തിരുവനന്തപുരം.

5.ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.

6..ജില്ലാ ട്രഷറി ഓഫീസർ, കോഴിക്കോട്.

7.നിയമ സെക്രട്ടറിയുടെ പി.എ.

8.ജോയിന്റ് സെക്രട്ടറിയുടെ സി.എ, നിയമ (എച്ച്) വകുപ്പ്.

9.ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, ഐ&പി.ആർ.ഡി.

10.സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Digitally signed by
Justin J P
Date: 31-07-2026
14:47:25
സെക്ഷൻ ഓഫീസർ